# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 23-ാം തീയതി ചൊവ്വാഴ്ച
(ആകെ ചോദ്യങ്ങൾ -25)

**(591) പോലീസ് സേനയുടെ നവീകരണം**
**(592) മെഡിക്കൽ കോളേജ് ആശുപത്രികിൽ ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ**
**(593) കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തെളിയിക്കുന്നതിനും പോലീസിന് ആവശ്യമായ നൂതന ഉപകരണങ്ങൾ**
**(594) മദ്ധ്യകാല സാമ്പത്തിക പരിഷ്ക്കരണ പരിപാടി**
**(595) പിന്നോക്ക-പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റം**
**(596) സാങ്കേതിക വിഭാഗം ജീവനക്കാരെ ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് പുനർവിന്യസിക്കാൻ നടപടി**
**(597) സമ്പൂർണ്ണ പാർപ്പിട പദ്ധതി**
**(598) ഭൂനാഗത്തിന്റെ പേറ്റന്റ് നേടിയെടുക്കാൻ നടപടി**
**(599) ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം**
**(600) കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചകൾ**
**(601) കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനപുരോഗതി**
**(602) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആഡിറ്റ്**
**(603) ആശുപത്രികളിൽ താൽക്കാലിക നിയമനത്തിന് രൂപീകരിച്ച ജില്ലതല കമ്മിറ്റി**
**(604) അംഗീകൃത നഴ്സിംഗ് സ്കൂളുകൾ**
**(605) മന്ത്രിതല പ്രതിനിധിസംഘത്തിന്റെ ഡൽഹിയാത്ര**
**(606) ഭൂമിയുടെ വില കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവരിൽ നിന്നും അധികസംഖ്യ വസൂലാക്കാൻ നടപടി**
**(607) മാലിന്യ സംസ്ക്കരണത്തിനായി നിയമനിർമ്മാണം**
**(608) പുതിയ നഗരവികസന നയം**
**(609) ഏകീകൃത പബ്ളിക് ഹെൽത്ത് കോഡ് നടപ്പാക്കുന്നതിന് നടപടി**
(610) **ശിശുക്കളുടെ ആരോഗ്യപരിപാലനം**
(611) **ചികിത്സാരംഗത്തെ പഴയകാല നാട്ടറിവുകൾ, പാരമ്പര്യ ചികിത്സാരീതികൾ എന്നിവ കണ്ടെത്തുന്നതിനും നിലനിർത്തുന്നതിനും സംവിധാനം**
**(612) മരുന്നുകൾ നിരോധിക്കുന്നതിനുള്ള മാനദണ്ഡം**
**(613) തിരുവിതാംകൂർ ഡ്രഗ്സ് കൺട്രോൾ ആക്ട് നിലനിർത്താൻ നടപടി**
**(614) ഖാദിബോർഡിന്റെ പ്രവർത്തനം**
**(615) ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ**

### പോലീസ് സേനയുടെ നവീകരണം

591. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഫലമായി പൊതുജനങ്ങൾക്ക് കിട്ടുന്ന സേവനം എത്ര മാത്രം മെച്ചപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(സി) പോലീസ് സേനയുടെ എഫിഷ്യൻസി എത്ര കണ്ട് വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ ആന്റണി (മുഖ്യമന്ത്രി):-**

(എ) സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് പോലീസ് സേനാ നവീകരണ പദ്ധതി പ്രസ്തുത പദ്ധതിയിൽ

പ്രകാരം 2001–2002–ൽ 6203.775 ലക്ഷം രൂപയുടെ കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് പോലീസ് വകുപ്പിന് വേണ്ടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 3080 ലക്ഷം രൂപ വാഹനങ്ങൾ വാങ്ങുന്നതിനായി 1692 ലക്ഷം രൂപ, ആയുധങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപ, വാർത്താവിനിമയത്തിനായി 403.90775 ലക്ഷം രൂപ പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 50 ലക്ഷം രൂപ, ഫിംഗർ പ്രിന്റ് ബ്യൂറോയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 100 ലക്ഷം രൂപ, ഫോട്ടോ ഗ്രാഫിക് ബ്യൂറോക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 100 ലക്ഷം രൂപ ക്രൈംബ്രാഞ്ചിനു വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനായി 69.70 ലക്ഷം, സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 62 ലക്ഷം രൂപ ബോംബ് സ്ക്വാടിന് ഉപകരണങ്ങൾ വാങ്ങുന്നതിന് 71.50 ലക്ഷം രൂപ, കലാപനിയന്ത്രണ ഉപകരണങ്ങൾക്കായി 71 ലക്ഷം രൂപ, ട്രാഫിക് കൺട്രോളിനു വേണ്ടി 6.6 ലക്ഷം രൂപ, പോലീസ് സായുധ ബറ്റാലിയന് ഉപകരണങ്ങൾ വാങ്ങുന്നതിനായി 34.109 ലക്ഷം രൂപ, പോലീസ് വകുപ്പിന്റെ കംപ്യൂട്ടറൈസേഷനു വേണ്ടി 443.01 ലക്ഷം രൂപ ഇവക്കുള്ള കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്.

2001–2002 വർഷത്തിൽ സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി 3326.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.. അതിൽ വാഹനങ്ങൾ വാങ്ങുന്നതിന് 1923 ലക്ഷം രൂപ, കലാപനിയന്ത്രണ ഉപകരണങ്ങൾ വാങ്ങുന്നതിനായി 97 ലക്ഷം രൂപ, ആയുധങ്ങൾ വാങ്ങുന്നതിന് 50 ലക്ഷം രൂപ പരിശീലനത്തിനായി 50 ലക്ഷം രൂപ, വാർത്താ വിനിമയ ഉപകരണങ്ങൾ വാങ്ങുന്നതിന് 403.90 ലക്ഷം രൂപ, കംപ്യൂട്ടറുകൾ വാങ്ങുന്നതിന് 25 ലക്ഷം രൂപ, കെട്ടിട നിർമ്മാണത്തിന് 683 ലക്ഷം രൂപ, ഫോട്ടോ കോപ്പിയർ വാങ്ങുന്നതിന് 95 ലക്ഷം രൂപ എന്നിവ ഉൾപ്പെടുന്നു.

(ബി) മേൽപ്പറഞ്ഞവ നടപ്പാക്കുന്നതു മൂലം പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാവുകയും, പൊതു ജനങ്ങൾക്ക് പോലീസിന്റെ സേവനം ഫലപ്രദമായി ലഭ്യമാക്കുവാൻ സാധിക്കുന്നതുമാണ്.

വാഹനങ്ങളുടെ ലഭ്യതകുറവ് പരിഹരിച്ചതുവഴി പോലീസ് പട്രോളിംഗ് ഊർജിതമായി നടത്തുവാനും കേസന്വേഷണങ്ങളുടെ കാലതാമസം ഒഴിവാക്കാനും കുറ്റകൃത്യങ്ങൾ തടയുവാനും, അവ ഉണ്ടായാൽ ഉടനടി പോലീസിന് ഇടപെടാനും കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരാനും സാധിക്കുന്നതാണ്. എഫ്.എസ്.എൽ. ൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതു മൂലം കേസ്സുകളിൽ പെട്ടെന്ന് രാസപരിശോധന പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

ഫിംഗർ പ്രിന്റ് ബ്യൂറോയ്ക്ക് ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നത് മൂലം ഫിംഗർ പ്രിന്റ് വ്യക്തതയോടെ എടുക്കുന്നതിനും ഭവന ഭേദനം, കളവ്, കൊലപാതകം മുതലായ ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് തെളിവുകൾ ശേഖരിക്കുന്നതിനും സഹായകമാകുന്നു.

റയട്ട് കൺട്രോൾ ഉപകരണങ്ങൾ വാങ്ങി പോലീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അതുമൂലം വർഗ്ഗീയ ലഹളകൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ തുടങ്ങിയവ ഉണ്ടാകുന്നത് പെട്ടെന്ന് നിയന്ത്രണ വിധേയമാക്കുവാനും കഴിയും.

പോലീസ ടെലികമ്മ്യൂണിക്കേഷൻ സൗകര്യം ആധുനികവൽക്കരിക്കുന്നതു മൂലം പോലീസിന്റെ വാർത്താവിനിമയം സുഗമമാക്കുന്നതിനും അതുമൂലം പോലീസ് പ്രവർത്തനങ്ങൾ കൂടുതൽ വേഗതയിലാക്കാനും പൊതുജനങ്ങൾക്ക് പോലീസിന്റെ സേവനം പെട്ടെന്ന് ലഭ്യമാക്കാനും കഴിയുന്നതാണ്.

(സി പോലീസിന്റെ ആധുനികവൽക്കരണം മൂലം പോലീസ് സേനയുടെ കാര്യക്ഷമതയും ആത്മവീര്യവും മെച്ചപ്പെടുത്തുന്നതാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിനും തെളിയിക്കുന്നതിനുമുള്ള ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തുന്നതുമൂലം പോലീസിന്റെ ഭാഗത്ത് നിന്നുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതും അതുമൂലം പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ നീതി ലഭിക്കുന്നതിനും സാധ്യമാകും.

## മെഡിക്കൽ കോളേജ് ആശുപത്രികിൽ ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

592. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സാജു പോൾ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഹൃദ്രോഗ പരിശോധനയക്കും ചികിത്സയ്ക്കുമായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കും ഇന്നുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ;

(ഡി) ജനങ്ങളുടെ ആഹാര–ജീവിതരീതികളിലെ വ്യതിയാനങ്ങൾമൂലം സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കും നിശ്ചയിച്ചിരിക്കുന്ന ഫീസ് താങ്ങാനാവാത്തതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇതിനയി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):–**

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇ.സി.ജി., കളർ ഡോപ്ളർ, എക്കോകാർഡിയോഗ്രാം, കമ്പ്യൂട്ടറൈസ്ഡ് ട്രെഡ്മിൽ ടെസ്റ്റിംഗ് സംവിധാനം കാർഡിയാക്ക് കത്തിട്രെയ്സേഷൻലാബ് എന്നിവ ലഭ്യമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയാക്ക് കത്തിട്രെയ്സേഷൻലബ് ഒഴികെ മറ്റെല്ലാ സൗകര്യങ്ങളും ലഭ്യമാണ്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഹൃദയചികിൽസാ വിഭാഗങ്ങളിൽ രോഗപരിശോധനയ്ക്ക് ആവശ്യത്തിന് ഡോക്ടർമാരും ലഭ്യമാണ്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വകുപ്പിൽ ഒരു ഹാർട്ട് ഫൗണ്ടേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഹൃദ്രോഗ പരിശോധനയ്ക്കും ചികിൽസയ്ക്കും ഉള്ള സംവിധാനങ്ങളെല്ലാം തന്നെ ചെലവേറിയതാണ്. എന്നാലും ദാരിദ്രരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് മെഡിക്കൽ കോളേജാശുപത്രികളിൽ ചികിൽസ പൂർണ്ണമായും സൗജന്യമാണ്.

(എഫ്) &(ജി) ഉയർന്ന വരുമാനമുള്ള രോഗികളിൽ നിന്ന് മാത്രമാണ് ചികിൽസാ ഫീസ് ഈടാക്കുന്നത്.

## <u>കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തെളിയിക്കുന്നതിനും പോലീസിന് ആവശ്യമായ നൂതന ഉപകരണങ്ങൾ</u>

593. ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. യു. സി. രാമൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തെളിയിക്കുന്നതിനും പോലീസിന് ആവശ്യമായ ഏതെല്ലാം നൂതന ഉപകരണങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവായി;

(സി) ഈ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പരിശീലനം പോലീസിന് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. എ. കെ ആന്റണി (മുഖ്യമന്ത്രി):–**

(എ) കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തെളിയിക്കുന്നതിനുമായി നൂതന ഉപകരണങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. എന്നാൽ ഫിംഗർ പ്രിന്റ് ബ്യൂറോ, പോലീസ് ഫോട്ടോ

ഗ്രാഫിക് ബ്യൂറോ, ഫോറൻസിക് സയൻസ് ലബോറട്ടറി എന്നീ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ വാങ്ങുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തുകയൊന്നും ചെലവായിട്ടില്ല.

(സി) ഉപകരണങ്ങൾ വാങ്ങുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്നതാണ്.

## <u>മദ്ധ്യകാല സാമ്പത്തിക പരിഷ്ക്കരണ പരിപാടി</u>

594. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യകാല സാമ്പത്തിക പരിഷ്ക്കരണ പരിപാടി നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ധാരണപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കത്തുകൾ കൈമാറിയിട്ടുണ്ടോ ;

(സി) മദ്ധ്യകാല സാമ്പത്തിക പരിഷ്ക്കരണ പരിപാടി നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക കേന്ദ്രസഹായം ലഭ്യമാക്കുമോ;

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ ഇതു സംബന്ധിച്ച് ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മദ്ധ്യകാല സാമ്പത്തിക പരിഷ്ക്കരണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ. കെ ആന്റണി (മുഖ്യമന്ത്രി):-**

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പ്രസ്തുത പരിപാടി നടപ്പിലാക്കന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രോത്സാഹന നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കും.

(ഡി) ഉണ്ട്. 11-ാം ധനകാര്യ കമ്മീഷൻ അനുബന്ധ റിപ്പോർട്ടിൽ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രോത്സാന നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി ഓരോ സംസ്ഥാനവും അതിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് സമ്പത്തികം, ഊർജ്ജം, പൊതുമേഖല, ബഡ്ജറ്റ് തയ്യാറാക്കൽ എന്നീ മേഖലകളിൽ നടപ്പാക്കേണ്ട ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ നടപടിയ്ക്ക് രൂപം നൽകുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) മദ്ധ്യകാല സാമ്പത്തിക പരിഷ്ക്കരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നാലു മേഖലകളിലെ പരിഷ്ക്കരണങ്ങൾക്ക് രൂപം നൽകിയിരിക്കുന്നു.

**(1) <u>സാമ്പത്തിക പരിഷ്ക്കരണം:-</u>**

- നികുതി ഘടന വിപുലീകരിക്കുക.
- മൂല്യവർദ്ധിത നികുതി (വാറ്റ്) നടപ്പിലാക്കുക.
- ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജുകൾ പരിഷ്ക്കരിക്കുക, അതോടൊപ്പം സേവനത്തിനനുസരിച്ച് വിലയിടാക്കൽ ഉറപ്പുവരുത്തുക.
- പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിരോധനം
- ഗ്രാന്റ് -ഇൻ-എയിഡ് സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം കുറച്ച്കൊണ്ട് വരികയും പുതിയ ഗ്രാന്റ് -ഇൻ എയിഡ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്യുക.

**(2) <u>ഊർജ്ജമേഖലിലെ പരിഷ്ക്കരണം</u>**

- രണ്ട് വർഷത്തിനകം ഊർജ്ജ നിരക്കിന് തുല്യമായ ശരാശരി താരിഫ് കൈവരിക്കുക.
- സ്റ്റേറ്റ് ഇലക്ട്രസിറ്റി റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുക.

- ഉൽപാദനം, പ്രസരണം, വിതരണം എന്നിവയുടെ മുഖ്യമായ നിർവ്വഹണം കണക്കിലെടുത്തി കെ.എസ്.ഇ.ബി.യിൽ വേർതിരിവുകൾ വരുത്തുകയും ചുമതലപ്പെടുത്തുകയും ചെയ്യുക.
- പ്രസരണത്തിലെയും, വിതരണത്തിലെയും നഷ്ടം പ്രതിവർഷം 5% വീതം കുറയ്ക്കുക.
- 11 കെ. വി. സബ്സ്റ്റേഷൻ തലംവരെ 100% മീറ്ററിംഗ് ഏർപ്പെടുത്തുക.
- വിതരണത്തിൽ സ്വകാര്യ മേഖലകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി പ്രാരംഭ പദ്ധതി നടപ്പിലാക്കുക.

(3) **<u>പൊതുമേഖലകളുടെ പുനഃസംഘടന</u>**

- നഷടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോ കേസിന്റെയും അടിസ്ഥാനത്തിൽ സമഗ്രമായ സ്വയം പിരിഞ്ഞുപോകൽ പദ്ധതി ഏർപ്പെടുത്തുക. (വി.ആർ.എസ്.)
- നിക്ഷേപം, സാങ്കേതിക വിദ്യ, പ്രൊഫഷണലിസം എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാഹരിക്കുന്നതിലേക്കായി സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

(4) **<u>ബഡ്ജറ്റ് പരിഷ്ക്കരണം</u>**

- ശംബളത്തിലും ആനുകൂല്യങ്ങിലുമുള്ള മൊത്തമായ ചെലവ് കണിക്കത്തക്ക രീതിയിൽ ഒരു പ്രത്യേക ഷെഡ്യൂൾ വാർഷിക ബഡ്ജറ്റിൽ വയ്ക്കുക
- പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ചുള്ള ചെലവ് കാണിക്കുന്ന ഒരു പ്രത്യേക ഷെഡ്യൂൾ ബഡ്ജറ്റിൽ വയ്ക്കുക.
- വാർഷികാടിസ്ഥാനത്തിലും പദ്ധതി അടിസ്ഥാനത്തിലും നിലനിൽകുന്ന ഗ്യാരന്റി പ്രത്യേക ഷെഡ്യൂളിൽ ഉൾപ്പെടുത്തുക.
- അടിസ്ഥാനപരമായ ഘടകങ്ങൾ കാണിച്ചുകൊണ്ട് സാമ്പത്തിക സുതാര്യത വെളിപ്പെടുത്തും വിധം ഒരു പ്രത്യേക അനുബന്ധം ചേർക്കുക.

**<u>പിന്നോക്ക-പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റം</u>**

595. ശ്രീ. എം. വി. ജയരാജൻ :

ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന പിന്നോക്ക-പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ലിസ്റ്റിൽ എന്തെങ്കിലും മാറ്റം ഇതിനകം വരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ പിന്നോക്ക വിഭാഗ ലിസ്റ്റിൽ സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) മൺഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ഫലമായി സംസ്ഥാനത്തെ ഏതെങ്കിലും വിഭാഗം പിന്നോക്കജാതിയല്ലാതായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**<u>ശ്രീ. എ. കെ ആന്റണി (മുഖ്യമന്ത്രി):-</u>**

(എ) സംസ്ഥാനത്ത് നിലനിൽകുന്ന പിന്നോക്ക ലിസ്റ്റിൽ ചില സമുദായങ്ങളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധനയിലാണ്. പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റു പുതുക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ പൊതുതാൽപര്യം മുൻനിർത്തി വെളിപ്പെടുത്താറില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ചെട്ടികൾ/ചെട്ടി വിഭാഗത്തെ കൂടി സംസ്ഥാന സർവീസിൽ ഉദ്യോഗത്തിനു സംവരണം ലഭ്യമാക്കുന്നതിനു ഉൾപെടുത്തി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികവിഭാഗ ലിസ്റ്റിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(സി) 18-1-1994 -ന് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച സർക്കൂലർ മെമ്മോറാണ്ഡം അനുസരിച്ചുള്ള കേന്ദ്ര സർക്കാരിന്റെ കേരള സംസ്ഥാനത്തെ പിന്നോക്ക വിഭാഗ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) മൺഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിനാൽ തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ ചില പിന്നോക്ക സമുദായങ്ങളെ ഉൾപ്പെടുത്തിയിരുന്നില്ല. ഉദാഹരണം ധീവര വിഭാഗത്തിലെ വാലൻ സമുദായം.

(ഇ) കേന്ദ്ര ലിസ്റ്റിൽ ഉൾപ്പെടുത്താത്ത സമുദായങ്ങളെ മണ്ഡൽ ലിസ്റ്റിൽപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിക്കുകയും തദ്വാര ചില സമുദായങ്ങളെ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുകയം ചെയ്തിട്ടുണ്ട്. (ഉദാഹരണം മുസ്ളീം സമുദായം)

## സാങ്കേതിക വിഭാഗം ജീവനക്കാരെ ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് പുനർവിന്യസിക്കാൻ നടപടി

596. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ വളരെക്കാലമായി ഒഴിഞ്ഞുകിടക്കുന്നതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി ഇത്തരം ജീവനക്കാരെ ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് പുനർ വിന്യസിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി):-**

(എ) ചില ബ്ളോക്കു പഞ്ചായത്തുകളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾക്കും സ്തംഭനാവസ്ഥ ഉണ്ടായിട്ടില്ല.

(ബി) നിലവിലുള്ള ഒഴിവുകളിൽ എത്രയും വേഗം നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

597. ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. കെ. മണി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പാർപിട പദ്ധതിക്കുള്ള ചെലവ് വഹിക്കുന്നതാരാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചെലവു വഹിക്കേണ്ടതുണ്ടോ;

(സി) ഈ പദ്ധതിപ്രകാരം ഈ വർഷം എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) പാർപ്പിട പദ്ധതി ഏറ്റെടുത്തു നടത്തുന്ന തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് അതതു തദ്ദേശ ഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമാണ് ചെലവു വഹിക്കുന്നത്.

(ബി) തദ്ദേശ സ്വയം സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നുംമാണ് തദ്ദേശ ഭരണസ്ഥാപനം ഈ ചെലവ് വഹിക്കുന്നത്.

(സി) ജില്ലാ പഞ്ചായത്തുകൾ മുഖ്യനിർവഹണ ഏജൻസിയായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണകുളം, തൃശൂർ ജില്ലകളിലാണ് സംപൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ല പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തണൽ എന്ന പേരിൽ ആരംഭിച്ചിട്ടുള്ള സംപൂർണ്ണ പാർപ്പിട പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 20672 വീടുകൾ പൊതുവിഭാഗത്തിലും 6505 വീടുകൾ പട്ടികജാതി വിഭാഗത്തിലും 452 വീടുകൾ പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടെ ആകെ 27719 വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

ജനകീയ പാർപ്പിട പദ്ധതി യെന്ന പേരിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള സംപൂർണ്ണ പാർപ്പിട പദ്ധതിയുടെ രണ്ടം ഘട്ടത്തിൽ 30,000 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത. ഹഡ്കോയുടെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ഇടുക്കി ജില്ല പഞ്ചായത്ത് ഹഡ്കോയുടെ വായ്പ സഹായത്തോടെ സംപൂർണ്ണ പാർപ്പിട പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 10,000 വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നു. ഹഡ്കോ വായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ വായ്പാ ഘടകം ഒഴിവാക്കി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഗുണഭോക്തൃ വിഹിതവും മാത്രമുള്ള തനതു പ്രോജക്റ്റായി ഇതിനെ പുതുക്കി അംഗീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഭവനരഹിതർക്കായി നടപ്പിലാക്കുന്ന സംപൂർണ്ണ പാർപ്പിട പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 9600 വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഹഡ്കോയുടെ വായ്പാ സഹായത്തോടെയാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്.

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തൃശൂർ ജില്ലയിലെ ഏതാനും ത്രിതല പഞ്ചായത്തുകളെയും നഗരസഭകളെയും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് തൃശൂർ ജില്ല സംപൂർണ്ണ പാർപ്പിട പദ്ധതി. ജില്ലാ പഞ്ചായത്തിന്റെ 1337 വീടുകൾ ഉൾപ്പെടെ ഗ്രാമ ബ്ളോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കൂടി ആകെ 12627 വീടുകൾക്കാവശ്യമായ വായ്പ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. മൂന്നു ഗഡുക്കളായി 3667 വീടുകൾക്കുള്ള വായ്പ മാത്രമാണ് ഹഡ്കോ നൽകിയത്. ജില്ലാ പഞ്ചായത്തിലെ 1045 പേർ കരാർ വയ്ക്കുകയും 931 പേർക്ക് ഒന്നാം ഗഡു അനുവദിക്കുകയും 199 പേർ വീടു പണി പൂർത്തിയാക്കുകയും ചെയ്തു. വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്താൻ ഹഡ്കോ സർക്കാർ ഗ്യാരണ്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതു നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഭൂനാഗത്തിന്റെ പേറ്റന്റ് നേടിയെടുക്കാൻ നടപടി

598. ശ്രീ. കെ. കെ. ജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിദ്ധവൈദ്യം, ആയൂർവേദം എന്നിവയിൽ ഉപയോഗിച്ചു വരുന്ന ഭൂനാഗത്തിന്റെ വിവിധ സാദ്ധ്യതകളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഭൂനാഗത്തിന്റെ വിവിധങ്ങളായ ഔഷധാവശ്യങ്ങളെക്കിറിച്ച് സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനങ്ങൾ വിദേശ സ്ഥാപനങ്ങളുമായോ യൂണിവേഴ്സിറ്റികളുമായോ ചേർന്ന് ഗവേഷണം നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഭൂനാഗം എന്ന ജീവിയെ വൻതോതിൽ വിദേശത്തേക്ക് കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ഡി) ഭൂനാഗത്തിന്റെ പേറ്റന്റ് നേടിയെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) പഠനം നടത്തിയിട്ടില്ല.

(ബി) ഗവേഷണം നടത്തുന്നില്ല

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ ഇതേകുറിച്ച് നിർദ്ദേശങ്ങളൊന്നും ആരോഗ്യവകുപ്പിന്റെ പരിഗണനയിലില്ല.

## ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം

599. ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാന ഗവേഷണസ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇവയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗവേഷണ മേഖലകളിൽ (ആർ. ആന്റ് ഡി) പ്രാധാന്യം കുറഞ്ഞുപോകുന്നതിന്റെ ഫലമായി സംസ്ഥാനത്തിന് ഈ മേഖലയിലുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെടുകയാണെന്നത് വാസ്തവമാണോ;

(സി) രോഗപ്രതിരോധ കാര്യങ്ങളിലും പരിസ്ഥിതിപ്രശ്നങ്ങളിലും വ്യാവസായിക വളർച്ചയിലും മുഖ്യപങ്ക് വഹിക്കേണ്ട ഗവേഷണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രജ്ഞൻമാർക്ക് പ്രോത്സാഹനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. എ. കെ ആന്റണി (മുഖ്യമന്ത്രി):-**

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഗവേഷണ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

(1) ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) തിരുവനന്തപുരം.
(2) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്) തിരുവനന്തപുരം.
(3) സെന്റർ ഫോർ വാട്ടർ റിസോർസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട്
(4) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചി
(5) രാജീ ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, തിരുവനന്തപുരം
(6) ട്രോപ്പിക്കൽ ബോട്ടാണിക് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
(7) നാഷണൽ ട്രാൻസ്പോർട്ട്, പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാട്ട്പാക്) തിരുവനന്തപുരം.

മേൽസ്ഥാപനങ്ങളുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

(ബി) അല്ല. ഗവേഷണ മേഖലയിൽ പ്രധാന്യം കുറഞ്ഞുപോകുന്നതായോ, പ്രസ്തുത മേഖലയിൽ സ്ഥാനം നഷ്ടപ്പെടുകയാണെന്നോ പറയുന്നതിൽ വാസ്തവമില്ല.

(സി) രോഗ പ്രതിരോധ കാര്യങ്ങളിലും പരിസ്ഥിതി പ്രശ്നങ്ങളിലും, വ്യാവസായിക വളർച്ചയിലും ഗവേഷണങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ശാസ്ത്ര സമൂഹത്തിന് പ്രോത്സാഹനം നൽകി വരുന്നുണ്ട്.

(ഡി) ഓരോ ഗവേഷണ സ്ഥാപനങ്ങൾക്കും അവരവരുടേതായ ഉദ്ദേശ ലക്ഷ്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതുവായ ആരോഗ്യ സംരക്ഷണം, മൃഗശാസ്ത്രം, കൃഷി, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന ശാസ്ത്രം, മാനവശേഷി വികസനം, ജൈവ വൈവിധ്യാധിഷ്ഠിത സംരക്ഷണ വികസനം ജൈവ വൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗം, ഊർജ്ജ സംരക്ഷണം, പ്രകൃതിക്ഷോഭ പഠനം തുടങ്ങിയവയാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ.

**<u>കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചകൾ</u>**

600. ശ്രീ. എം. കുമാരൻ:

ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ 13 മാസത്തിനിടയിൽ കേന്ദ്രസർക്കാരുമായി മുഖ്യമന്ത്രി എത്ര ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ചർച്ചകളിൽ പ്രധാനമായി ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രവുമായുള്ള ചർച്ചകളെത്തുടർന്ന് നമ്മുടെ സംസ്ഥാനത്തിന് പ്രത്യേകമായി അനുവദിച്ചിട്ടുള്ള സഹായമെത്രയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതൊക്കെ പദ്ധതികൾക്കാണിതെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) നിവേദനങ്ങൾ നൽകിക്കൊണ്ട് രണ്ടുതവണ മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായും മറ്റു കേന്ദ്ര മന്ത്രിമാരുമായും ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച വേളകളിലെല്ലാം തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനം നേരിടുന്ന സാംപത്തിക പ്രയാസങ്ങൾ തരണം ചെയ്യുന്നതിനായി വായ്പകൾ തിരിച്ചടയ്ക്കുന്നതിന് മൊറോട്ടേറിയം നൽകണമെന്നും തിരിച്ചടവ് പുന:ക്രമീകരിക്കുന്നതിന് 300 കോടി രൂപ അധിക പദ്ധതി സഹായമായി അനുവദിക്കണമെന്നും ആവശ്യപ്പെടും. കഴിഞ്ഞ വർഷം ഉണ്ടായ പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 100 കോടി രൂപ അനുവദിക്കുക, ശബരിമലയിൽ തീർത്ഥാടകരുടെ അടിസ്ഥാനാവശ്യങ്ങൾക്ക് വനഭൂമി അനുവദിക്കുക, നെടുംപാശ്ശേരി വിമാനത്താവളത്തിൽ വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താനനുവാദം നൽകുക, കോസ്റ്റൽ സോൺ റെഗുലേഷൻ നിയമത്തിൽ മാറ്റം വരുത്തുക, കോക്കനട്ട് ടെക്നോളജി മിഷൻ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുക, കാർഷികോൽപ്പന്നങ്ങളുടെ വില തകർച്ചമൂലം വിഷമത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് നടപടികൾ കൈക്കൊള്ളുക, പാമോയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക, റബ്ബറിന്റെ ഇറക്കുമതി നിരോധിക്കുക, വളരെ പഴക്കംചെന്ന് റയിൽപാലങ്ങൾ ഘട്ടം ഘട്ടമായി പുതുക്കുക, പുതിയ റെയിൽവേ പദ്ധതികൾ അനുവദിക്കുക, കൊച്ചിയിൽ ടെക്നോളജി ഹാബിറ്റാറ്റ് സ്ഥാപിക്കുക, കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ത്വരിതപ്പെടുത്തുക, നാഷണൽ ഹൈവേകളുടെ വികസനം അനുവദിക്കുക, പൂയംകുട്ടി പദ്ധതിയുടെ അനുവാദം ത്വരിതപ്പെടുത്തുക, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി ത്വരിതപ്പെടുത്തുക എന്നിവ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

ഉന്നയിച്ച ആവശ്യങ്ങളിൽ മറ്റ് പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

ദേശീയ ജലപാത ദീർഘിപ്പിക്കുക, ആദിവാസികൾക്ക് നൽകുന്നതിനായി വനഭൂമി അനുവദിക്കുക, ഹഡ്കോ ധനസഹായം പുനരാരംഭിക്കുക, ദേശീയ ചേരി വികസന പദ്ധതി 100% കേന്ദ്ര സഹായ പദ്ധതിയായി മാറ്റുക കൊച്ചി അർബൻ പോവർട്ടി റിഡക്ഷൻ പദ്ധതി 100% കേന്ദ്ര സഹായ പദ്ധതിയാക്കുക, കോഴിക്കോട് വിമാനത്താവളത്തിൽ രാത്രികാലങ്ങളിൽ വിമാനം ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുക.

300 കോടി രൂപ അഡീഷണൽ മാർക്കറ്റ് ബോറോയിംഗിന് അനുമതി നൽകുക, വൈദ്യുതി രംഗത്ത് കേരളത്തെ പവർ റിഫോമിംഗ് സ്റ്റേറ്റായി പ്രഖ്യാപിക്കുകയും എ.പി.ഡി.എസ്. ഫണ്ട് അനുവദിക്കുകയും ചെയ്യുക, അൺഅലോക്കേറ്റഡ് പൂളിൽ നിന്ന് സംസ്ഥാനത്തിന് കൂടുതൽ വൈദ്യുതി അനുവദിക്കുക, ഐ.ടി. രംഗത്ത് കേരളം സമർപ്പിച്ച പദ്ധതികൾക്ക് അനുവാദം നൽകുക, കോട്ടയ്ക്കലിൽ ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുക, മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ കേന്ദ്രം നിഷ്പക്ഷത പാലിക്കുക, പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക, കൊച്ചിൻ ഷിപ്പ്യാർഡ് റിപ്പയർ പ്രോജക്ടിന് അനുമതി നൽകുക, റയിൽ സേഫ്റ്റി ഫണ്ടിൽ നിന്നും 500 കോടി രൂപ കേരളത്തിനായി അനുവദിക്കുക, കോളാറിൽ നിന്നും കോഴിക്കോട്ടേയ്ക്ക് അന്തർ സംസ്ഥാന വൈദ്യുതി ട്രാൻസ്മിഷൻ ലൈൻ അനുവദിക്കുക, വൈദ്യുതോൽപ്പാദനത്തിനുള്ള നാഫ്യുടെ വില കുറയ്ക്കുക, ആറളം ഫാം സംസ്ഥാനത്തിന് കൈമാറുക തുടങ്ങി കേരളത്തിന്റെ സമഗ്ര വികസനത്തിനായി വിവിധ മേഖലകളിലെ ഒട്ടേറെ കാതലായ ആവശ്യങ്ങൾ പ്രസ്തുത ചർച്ചകളിൽ ഉന്നയിക്കുകയുണ്ടായി.

(സി) ഉന്നയിച്ച മിക്കവാറും ആശയങ്ങളോട് അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രം സ്വീകരിച്ചത്.

(ഡി) ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മറ്റ് ചിലത് സമയബന്ധിതമായി തീർക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഭവന നിർമ്മാണ വകുപ്പിനും കൃഷി വകുപ്പിനും ലഭിച്ച സഹായങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**<u>കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനപുരോഗതി</u>**

601. ഡോക്ടർ തോമസ് ഐസക്:
ശ്രീ. പി. ജയരാജൻ:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കുടുംബശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; സംസ്ഥാനത്ത് കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അയൽക്കൂട്ടങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വനിതകൾക്ക് പുതുതായി ഈ പദ്ധതിയിലൂടെ തൊഴിലവതരങ്ങൾ ലഭ്യമാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെങ്കിലും വിഭാഗം സ്ത്രീകളെ അയൽക്കൂട്ടങ്ങളിൽനിന്ന് മാറ്റി നിർത്തി അയൽക്കൂട്ടം കമ്മിറ്റികൾ പുനസംഘടിപ്പിക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നടപടി കൈക്കൊള്ളുമോ;

(എഫ്) സ്ത്രീകളുടെ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി കുടുംബശ്രീ പദ്ധതി എത്രത്തോളം വിജയമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയഭരണ വകുപ്പ് മന്ത്രി):-**

(എ) സംസ്ഥാനത്തെ കേവല ദാരിദ്ര്യം പത്തു കൊല്ലം കൊണ്ട് ഇല്ലായ്മ ചെയ്യുക എന്നതാണ് കുടുബശ്രീ പദ്ധതിയുടെ ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും അതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനവും വ്യക്തിത്വ വികസനവും സാദ്ധ്യമാക്കുകയും ചെയ്യുക എന്നതാണ് കുടുംബശ്രീയുടെ ദൗത്യം. സ്ത്രീ ശാക്തീകരണത്തിലൂടെയുള്ള ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കുടുംബശ്രീ ഊന്നൽ നൽകുന്നു.

1999 ഏപ്രിൽ 1 ന് പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ പദ്ധതി സംസ്ഥാനത്തെ 58 നഗരസഭകളിലാണ് ആദ്യം നടപ്പാക്കിയത്. അതിനുശേഷം, പദ്ധതി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പാക്കാൻ ഉത്തരവായി. 2000 ജൂൺ മാസത്തിൽ ആദ്യഘട്ടം എന്ന നിലയിൽ 262 ഗ്രാമ പഞ്ചായത്തുകളിലേക്കും, രണ്ടാം ഘട്ടമായി 2001 സെപ്റ്റംബറിൽ 338 ഗ്രമപഞ്ചായത്തുകളിലേക്കും, 2002 മാർച്ച് മാസത്തിൽ 291 ഗ്രാമപഞ്ചായത്തുകളിലേക്കും കുടുംബശ്രീ വ്യാപിപ്പിക്കുകയുണ്ടായി. കൂടാതെ 1994 മുതൽ സി.ബി.എൻ.പി. പ്രവർത്തനങ്ങൾ നടന്നുവന്നിരുന്ന മലപ്പുറത്തെ 100 ഗ്രാമ പഞ്ചായത്തുകളിലെ അയൽക്കൂട്ടങ്ങളേയും കുടുംബശ്രീയിൽ ലയിപ്പിക്കുകയുണ്ടായി. ഇതോടുകൂടി സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു കഴിഞ്ഞു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുബങ്ങളിലെ വനിതകളുടെ ത്രിതല സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം വഴിയാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലുമായി 7848 അയൽക്കൂട്ടങ്ങളും 616 ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും, 58 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളും നിലവിലുണ്ട്. ഇതിനു പുറമെ ഗ്രാമപഞ്ചത്തുകളിൽ 88512 അയൽക്കൂട്ടങ്ങളും, 1010 ട്രൈബൽ അയൽക്കൂട്ടങ്ങളും, കുടുംബശ്രീയുടെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) ആകെ 97370 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ 60161 എണ്ണം കഴിഞ്ഞ ഒരു വർഷത്തിനിടയിൽ രൂപീകരിച്ചിട്ടുള്ളതാണ്.

(സി) 22509 വനിതകൾക്ക് തൊഴിലവതരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) & (ഇ) 9 സാമ്പത്തികേതര ക്ലേശഘടകങ്ങളിൽ കുറഞ്ഞ് 4 എണ്ണമെങ്കിലും ഉള്ള കുടുംബങ്ങളിലെ ഒരു സ്ത്രീയെ വിതം ഉൾപ്പെടുത്തിയാണ് അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നത്. ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ നിലവിലുള്ള അയൽക്കൂട്ടങ്ങളിൽ നിന്ന് കാരണമില്ലാതെ ഒഴിവാക്കിക്കൊണ്ട് കമ്മിറ്റികൾ പുനസംഘടിപ്പിക്കുന്നതായി അറിവില്ല.

(എഫ്) കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ പൂർണ്ണമായി വിലയിരുത്താൻ സമയമായിട്ടില്ല. പദ്ധതി വിജയമായിട്ടാണ് പൊതുവെ കാണുന്നത്.

## <u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആഡിറ്റ്</u>

602. ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. സി. മമ്മൂട്ടി:

ശ്രീ. ടി.പി.എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് നിലവിൽ ഏതെല്ലാം ഏജൻസികളെയാണ് ചുമതപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ ഏജൻസികളുടെ പ്രവർത്തനം തൃപ്കികരമാണോ;

(സി) അല്ലെങ്കിൽ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി പുതിയ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

__ഉത്തരം__

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയഭരണ വകുപ്പ് മന്ത്രി):-**

(എ) തദ്ദേശ ധയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ആഢിറ്റ് ചെയ്യുന്നതിന് ലോക്കൽഫണ്ട് ആഡിറ്റ്, പെർഫോമൻസ് ആഡിറ്റ് എന്നീ രണ്ട് വിഭാഗങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) തൃപ്തികരമാണ്.

(സി) +(ഡി) ഉദിക്കുന്നില്ല.

__ആശുപത്രികളിൽ താൽക്കാലിക നിയമനത്തിന് രൂപീകരിച്ച ജില്ലതല കമ്മിറ്റി__

603. ശ്രീ മത്തായി ചാക്കോ;

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. വി.കെ.സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ താൽക്കാലിക നിയമനത്തിന് ജില്ലാതല കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിറ്റിയുടെ ഘടനയും പ്രാതിനിധ്യ സ്വഭാവവും വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ജില്ലകളിൽ ഇത്തരത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രികളിൽ താൽക്കാലിക നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) ആശുപത്രികളിലെ താൽക്കാലിക ജീവനക്കാരുടെ നിയമനത്തിൽ വ്യാപകമായ അഴിമതി നടക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

__ഉത്തരം__

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പ് മന്ത്രി):-**

(എ) പാർട്ട്ടൈം സ്വീപ്പേഴ്സിന്റെ താൽക്കാലിക നിയമനത്തിനായി ജില്ലാതല കമ്മിറ്റി രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) ഈ കമ്മിറ്റിയിൽ മൂന്ന് അംഗങ്ങളാണ് ഉള്ളത്. ജില്ലാതല മെഡിക്കൽ ഓഫീസർ ചെയർമാനും സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഗസ്റ്റഡ് റാങ്കിലുള്ള രണ്ട് ഉദ്യോഗസ്ഥൻമാർ മെമ്പർമാരുമാണ്.

(സി) കോഴിക്കോടും തൃശ്ശൂരും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) പാർട്ട് ടൈം സ്വീപ്പേഴ്സിനെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിലെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

__അംഗീകൃത നഴ്സിംഗ് സ്കൂളുകൾ__

T604. ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര അംഗീകൃത നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെയോ സംസ്ഥാന നഴ്സിംഗ് കൗൺസിലിന്റെയോ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അനധികൃത നഴ്സിംഗ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;?

<u>ഉത്തരം</u>

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പ് മന്ത്രി):-**

(എ) കേരളത്തിൽ സ്വകാര്യമേഖലയിൽ 156ഉം സർക്കാർ മേഖലയിൽ 15 നേഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

## <u>മന്ത്രിതല പ്രതിനിധിസംഘത്തിന്റെ ഡൽഹിയാത്ര</u>

605. ശ്രീ. എം.കെ. പോൾസൺമാസ്ററർ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല പ്രതിനിധിസംഘം എത്ര പ്രാവശ്യം കേന്ദ്രത്തിൽ പോവുകയും കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇപ്രകാരം ഉന്നയിച്ചത്;

(സി) അതിൽ എന്തെല്ലാം കാര്യങ്ങൾ നേടിയെടുക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) നിവേദനങ്ങളുമായി മുഖ്യമന്ത്രിയും മന്ത്രിതല പ്രതിനിധി സംഘവും 2 പ്രാവശ്യം പ്രധാനന്ത്രി മറ്റ് കേന്ദ്ര മന്ത്രിമാർ എന്നിവരുടെ മുൻപിൽ കേരളത്തന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. കൂടാതെ മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച വേളകളിലെല്ലാം കേരളത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ട്.

(ബി) സംസ്ഥാനം നേരിടുന്ന സാംപത്തിക പ്രയാസങ്ങൾ തരണം ചെയ്യുന്നതിനായി വായ്പകൾ തിരിച്ചടയ്ക്കുന്നതിന് മൊറോട്ടേറിയം നൽകണമെന്നും തിരിച്ചടവ് പുന:ക്രമീകരിക്കുന്നതിന് 300 കോടി രൂപ അധിക പദ്ധതി സഹായമായി അനുവദിക്കണമെന്നും ആവശ്യപ്പെടും. കഴിഞ്ഞ വർഷം ഉണ്ടായ പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 100 കോടി രൂപ അനുവദിക്കുക, ശബരിമലയിൽ തീർത്ഥാടകരുടെ അടിസ്ഥാനാവശ്യങ്ങൾക്ക് വനഭൂമി അനുവദിക്കുക, നെടുംപാശ്ശേരി വിമാനത്താവളത്തിൽ വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താനനുവാദം നൽകുക, കോസ്റ്റൽ സോൺ റെഗുലേഷൻ നിയമത്തിൽ മാറ്റം വരുത്തുക, കോക്കനട്ട് ടെക്നോളജി മിഷൻ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുക, കാർഷികോൽപ്പന്നങ്ങളുടെ വില തകർച്ചമൂലം വിഷമത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് നടപടികൾ കൈക്കൊള്ളുക, പാമോയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക, റബ്ബറിന്റെ ഇറക്കുമതി നിരോധിക്കുക, വളരെ പഴക്കംചെന്ന് റയിൽപാലങ്ങൾ ഘട്ടം ഘട്ടമായി പുതുക്കുക, പുതിയ റെയിൽവേ പദ്ധതികൾ അനുവദിക്കുക, കൊച്ചിയിൽ ടെക്നോളജി ഹാബിറ്റാറ്റ് സ്ഥാപിക്കുക, കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ത്വരിതപ്പെടുത്തുക, നാഷണൽ ഹൈവേകളുടെ വികസനം അനുവദിക്കുക, പൂയംകുട്ടി പദ്ധതിയുടെ അനുവാദം ത്വരിതപ്പെടുത്തുക, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി ത്വരിതപ്പെടുത്തുക എന്നിവ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

ഉന്നയിച്ച ആവശ്യങ്ങളിൽ മറ്റ് പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

ദേശീയ ജലപാത ദീർഘിപ്പിക്കുക, ആദിവാസികൾക്ക് നൽകുന്നതിനായി വനഭൂമി അനുവദിക്കുക, ഹഡ്കോ ധനസഹായം പുനരാരംഭിക്കുക, ദേശീയ ചേരി വികസന പദ്ധതി 100% കേന്ദ്ര സഹായ പദ്ധതിയായി മാറ്റുക കൊച്ചി അർബൻ പോവർട്ടി റിഡക്ഷൻ പദ്ധതി 100% കേന്ദ്ര സഹായ പദ്ധതിയാക്കുക, കോഴിക്കോട് വിമാനത്താവളത്തിൽ രാത്രികാലങ്ങളിൽ വിമാനം ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുക.

300 കോടി രൂപ അഡീഷണൽ മാർക്കറ്റ് ബോറോയിംഗിന് അനുമതി നൽകുക, വൈദ്യുതി രംഗത്ത് കേരളത്തെ പവർ റിഫോമിംഗ് സ്റ്റേറ്റായി പ്രഖ്യാപിക്കുകയും എ.പി.ഡി.എസ്. ഫണ്ട് അനുവദിക്കുകയും ചെയ്യുക, അൺഅലോക്കേറ്റഡ് പൂളിൽ നിന്ന് സംസ്ഥാനത്തിന് കൂടുതൽ വൈദ്യുതി അനുവദിക്കുക, ഐ.ടി. രംഗത്ത് കേരളം സമർപ്പിച്ച പദ്ധതികൾക്ക് അനുവാദം നൽകുക, കോട്ടയ്ക്കലിൽ ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുക, മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ കേന്ദ്രം നിഷ്പക്ഷത പാലിക്കുക, പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക, കൊച്ചിൻ ഷിപ്പ്യാർഡ് റിപ്പയർ പ്രോജക്ടിന് അനുമതി നൽകുക, റയിൽ സേഫ്റ്റി ഫണ്ടിൽ നിന്നും 500 കോടി രൂപ കേരളത്തിനായി അനുവദിക്കുക, കോളാറിൽ നിന്നും കോഴിക്കോട്ടേയ്ക്ക് അന്തർ സംസ്ഥാന വൈദ്യുതി ട്രാൻസ്മിഷൻ ലൈൻ അനുവദിക്കുക, വൈദ്യുതോൽപ്പാദനത്തിനുള്ള നാഫ്യുടെ വില കുറയ്ക്കുക, ആറളം ഫാം സംസ്ഥാനത്തിന് കൈമാറുക തുടങ്ങി കേരളത്തിന്റെ സമഗ്ര വികസനത്തിനായി വിവിധ മേഖലകളിലെ ഒട്ടേറെ കാതലായ ആവശ്യങ്ങൾ പ്രസ്തുത ചർച്ചകളിൽ ഉന്നയിക്കുകയുണ്ടായി.

(സി) ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ബാക്കി വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## ഭൂമിയുടെ വില കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവരിൽ നിന്നും അധികസംഖ്യ വസൂലാക്കാൻ നടപടി

606. ശ്രീ. കെ.പി. മോഹനൻ:

ഡോ. എ. നിലലോഹിതദാസൻ നാടാർ:

ശ്രീ. എ.സി. ഷൺമുഖദാസ്:

ശ്രീ. സി.കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ കൈമാറ്റവിലയിൽ പുതിയ മാറ്റം എന്തെങ്കിലും വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി രജിസ്ട്രേഷൻ ഇനത്തിലുള്ള വരുമാനത്തിൽ ഉണ്ടായ വ്യത്യാസം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ഭൂമിയുടെ വില കുറച്ചു കാണിച്ച് ആധാരം രജിസ്റ്റർ ചെയ്ത എത്രപേരുടെ പേരിൽ അധിക സംഖ്യ വസൂലക്കാൻ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി):-**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 31..3..2002 വരെ ഭൂമിയുടെ വിലകുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്ത 8,78,008 കേസുകളിൽ അധിക സംഖ്യ വസൂലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## മാലിന്യ സംസ്ക്കരണത്തിനായി നിയമനിർമ്മാണം

607. ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) മാലിന്യ സംസ്കരണത്തിനായി നിയമം നിർമ്മിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) മാലിന്യങ്ങൾ ഫലപ്രദമായി സംസ്ക്കരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഇക്കാര്യത്തിലുള്ള കേന്ദ്ര നിർദ്ദേശങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി):-**

(എ) മാലിന്യ സംസ്ക്കരണത്തിനായി നിലവിൽ നിയമം ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ച് (മുനിസിപ്പൽ സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ് റൂൾസ്, 1999) എല്ലാ നഗരങ്ങളും ഖര മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ 31.12.03ന് മുൻപ് ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

(ബി) മാലിന്യങ്ങൾ ഫലപ്രദമായി സംസ്ക്കരിക്കുന്നതിന് ചില നഗരസഭകൾ പദ്ധതി ആവിഷ്ക്കരിച്ചുകഴിഞ്ഞു. മറ്റു പല നഗരസഭകളും ആവിഷ്ക്കരിച്ച പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) കേന്ദ്ര നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## പുതിയ നഗരവികസന നയം

608. ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നഗരവികസന നയം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) നഗരവികസനനയത്തിന്റെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു.

(സി) നഗരങ്ങളെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രേരക ശക്തി കേന്ദ്രങ്ങളാക്കി മാറ്റുകവഴി സന്തുലിതമായ സാമ്പത്തിക, സാമൂഹിക, ഭൗതീക വികസനം നേടിയെടുക്കുക എന്നതാണ് പരമമായ ലക്ഷ്യം.

## ഏകീകൃത പബ്ളിക് ഹെൽത്ത് കോഡ് നടപ്പാക്കുന്നതിന് നടപടി

609. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത പബ്ളിക് ഹെൽത്ത് കോഡ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഓരോ കുടുംബത്തിനും ഹെൽത്ത് കാർഡ് നൽകുന്നതിന് ആരോഗ്യ വകുപ്പു ഫീൽഡ് വിഭാഗം ജീവനക്കാർ മുഖേനയുള്ള വീടുവീടാന്തരമുള്ള പരിശോധനയും വിവരശേഖരണങ്ങളും കർക്കശമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യവകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത പബ്ളിക് ഹെൽത്ത് ആക്റ്റ് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ശിശുക്കളുടെ ആരോഗ്യപരിപാലനം

610. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശിശുക്കളുടെ ആരോഗ്യപരിപാലനത്തിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോളിയോരോഗം ബാധിച്ച് കുട്ടികൾ മരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെന്ന് വ്യക്തമാക്കാമോ ;

(സി) പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന അസുഖങ്ങൾ പിടിപെട്ട് ഈ കാലയളവിൽ എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശിശുക്കളുടെ പോഷകാഹാരക്കുറവു നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ ശിശുക്കളുടെ ആരോഗ്യപരിപാലനത്തിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. നവജാതശിശുക്കളുടെ തീവ്രപരിചരണത്തിനുള്ള സൗകര്യം ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.
2. ഫസ്റ്റ് റെഫറൽ യൂണിറ്റായി പ്രഖ്യാപിച്ചിട്ടുള്ള ആശുപത്രികളിൽ നവജാത ശിശുക്കൾക്ക് അടിയന്തിര രോഗപരിചരണത്തിനുള്ള സംവിധാനം ഉണ്ട്.
3. ശിശുക്കളുടെ ആരോഗ്യപരിപാലനത്തിനായി രോഗപ്രതിരോധ കുത്തിവയ്പ്പുകൾ നാഷണൽ ഇമ്മ്യൂണൈസേഷൻ ഷെഡ്യൂൾ അനുസരിച്ച് നൽകുന്നുണ്ട്. ഓപ്ഷണൽ വാക്സിൻസ്, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ എന്നിവയും നടത്തുന്നു.
4. പോഷകാഹാര വകയിൽ കുട്ടികൾക്ക് വൈറ്റമിൻ–എ അയൺ ഫോളിക് ഗുളികകൾ നൽകുന്നുണ്ട്.

കൂടാതെ സി.ഡി.സി. (ചൈൽഡ് ഡവലപ്മെന്റ് സെന്റർ) യുടെ ആഭിമുഖ്യത്തിൽ ജന്മനായുള്ള വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള പരിശോധനകളും ചികിത്സകളും നൽകുന്നുണ്ട്. ഈ വിഷയത്തിൽ ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും പ്രസ്തുത കേന്ദ്രം നടപടിയെടുക്കുന്നുണ്ട്. കുട്ടികളുടെ പഠനവൈകല്യം, സംസാരവൈകല്യം എന്നിവ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് എന്ന സ്ഥാപനംവഴി നടത്തുന്നുണ്ട്.

(ബി) ഇല്ല.

(സി) പോഷകാഹാര കുറവുമൂലം ഉണ്ടാകുന്ന അസുഖങ്ങൾ പിടിപെട്ട് ഈ കാലയളവിൽ കുട്ടികൾ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശിശുക്കളുടെ പോഷകാഹാരക്കുറവു നികത്താൻ മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ അംഗൻവാടികളിൽ കൂടിയുള്ള ആഹാരപരിപാടി വൈറ്റമിൻ എ ആന്റ് ഡി ഗുളികകൾ വൈറ്റമിൻ എ–സൊല്യൂഷൻ, അയൺ, ഫോളിക് ആസിഡ് ഗുളികകൾ തുടങ്ങിയവ നൽകുന്ന പരിപാടികൾ, അയഡിന്റെ കുറവ് പരിഹരിക്കാനുള്ള പരിപാടികൾ, അമ്മമാരുടെ മീറ്റിംഗുകൾ പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം ഇവയൊക്കെ നടത്തിവരുന്നു.

## ചികിത്സാരംഗത്തെ പഴയകാല നാട്ടറിവുകൾ, പാരമ്പര്യ ചികിത്സാരീതികൾ എന്നിവ കണ്ടെത്തുന്നതിനും നിലനിർത്തുന്നതിനും സംവിധാനം

611. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാരംഗത്തെ പഴയകാല നാട്ടറിവുകൾ, പാരമ്പര്യ ചികിത്സാരീതികൾ എന്നിവ കണ്ടെത്തുന്നതിനും നിലനിർത്തുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനമോ, ഗവേഷണമോ നടത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ആദിവാസിമേഖലകളിലും മറ്റും നിലനിന്നുപോരുന്ന ഔഷധങ്ങളെയും പച്ചമരുന്നുകളെയും കുറിച്ച് പഠനം നടത്താനും അവ മുതൽക്കൂട്ടാനും നടപടി സ്വീകരിക്കുമോ;

(എഫ്) അന്യം നിന്നുപോകുന്ന നാട്ടറിവുകളെയും ഔഷധങ്ങളെയും കുറിച്ച് പഠിക്കാനും ആധുനിക ചികിത്സാരീതികൾക്ക് ഉപയോഗപ്പെടുത്താനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ചികിത്സാരംഗത്തെ പഴയകാല നാട്ടറിവുകൾ, പാരമ്പര്യ ചികിത്സാരീതികൾ എന്നിവ കണ്ടെത്തുന്നതിന് സംവിധാനങ്ങൾ ഇല്ല. എന്നാൽ ചികിത്സാരീതികൾ നിലനിർത്തുന്നതിന് പാരമ്പര്യ വൈദ്യന്മാർക്ക് ഗ്രാന്റ് നൽകിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ യോഗ്യതയുള്ള 97 പാരമ്പര്യ വൈദ്യന്മാർക്ക് ഗ്രാന്റ് നൽകിവരുന്നുണ്ട്. ഒന്നാം ഗ്രേഡ് ഗ്രാന്റ് വൈദ്യന് പ്രതിമാസം 650 രൂപ നിരക്കിലും രണ്ടാംഗ്രേഡ് വൈദ്യന് പ്രതിമാസം 600 രൂപ നിരക്കിലുമാണ് ഗ്രാന്റ് നൽകിവരുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ&എഫ്): കിർത്താഡ്സ്. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ ഇതേക്കുറിച്ച് പഠനം നടത്തുന്നുണ്ട്. ഔഷധസസ്യബോർഡിനേയും ഇക്കാര്യത്തിൽ ചുമതലപ്പെടുത്തുവാനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

## മരുന്നുകൾ നിരോധിക്കുന്നതിനുള്ള മാനദണ്ഡം

612. ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മരുന്നുകൾ ഡ്രഗ്സ് കൺട്രോളർ നിരോധിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ബി) മരുന്നുകൾ നിരോധിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) നിരോധിക്കപ്പെട്ട മരുന്നുകൾ അധിക കാലതാമസം കൂടാതെ നിരോധനം നീക്കി വീണ്ടും വിൽപ്പനയ്ക്ക് തയ്യാറാക്കുന്ന സ്ഥിതിവിശേഷം ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ കമ്പനികളുടെ മരുന്നുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിരോധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) 2001-02 വർഷത്തിൽ 140 മരുന്നുകളുടേയും 2002-03 വർഷത്തിൽ 30-06-2002 വരെ 39 മരുന്നുകളുടേയും വിൽപ്പന നിരോധിച്ചിട്ടുണ്ട്.

(ബി) 1. ഗുണനിലവാരമില്ലാത്തതായി ഗവൺമെന്റ് അനലിസ്റ്റ് പ്രഖ്യാപിച്ചതായ കാരണം

2. ഒരേ ബ്രാന്റ് നാമത്തിൽ ഒന്നിൽ കൂടുതൽ മരുന്നുകൾ വിൽക്കപ്പെടുന്നതായ കാരണം

3. ഔഷധത്തിന്റെ ലേബലിലും പാക്കിംഗുകളിലും ക്രമക്കേടുകൾ ഉണ്ടായതായ കാരണം

4. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമമനുസരിച്ചുള്ള നിർമ്മാണ ലൈസൻസില്ലാതെ നിർമ്മിച്ച് വിതരണം നടത്തുന്നതായ കാരണം.

മേൽ സാഹചര്യങ്ങളിലാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ മരുന്നുകളുടെ വിൽപ്പന നിരോധിക്കുന്നത്.

(സി) ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനെത്തുടർന്ന് വിൽപ്പന നിരോധിച്ച മരുന്നുകൾ നിരോധനം നീക്കി വീണ്ടും വിൽപ്പനയ്ക്ക് തയ്യാറാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലേബലിലെ ക്രമക്കേട്, പാക്കിംഗ് ക്രമക്കേട് എന്നീ കാരണങ്ങൾ കൊണ്ട് വിൽപ്പന നിരോധിച്ച മരുന്നുകളെ സംബന്ധിച്ച ക്രമക്കേട് പരിഹരിച്ചശേഷം വിൽപ്പന അനുവദിക്കാറുണ്ട്.

(ഡി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## തിരുവിതാംകൂർ ഡ്രഗ്സ് കൺട്രോൾ ആക്ട് നിലനിർത്താൻ നടപടി

613. ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950-ലെ തിരുവിതാംകൂർ ഡ്രഗ്സ് കൺട്രോൾ ആക്ട് റദ്ദ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമത്തിൽ നാടൻ ഔഷധങ്ങൾ കൊണ്ട് ചികിത്സ നടത്തുന്നവരെ നിയമപരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നുവോ ;

(സി) ഈ നിയമം റദ്ദു ചെയ്യുന്നതു മൂലം പാരമ്പര്യ വൈദ്യന്മാർ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ ഇടയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കച്ചവട മനോഭാവത്തിലല്ലാതെ ആതുരസേവനം ലാക്കാക്കി ചികിത്സ നടത്തുന്ന പാരമ്പര്യ സിദ്ധചികിത്സകർക്കും ബി ക്ലാസ് രജിസ്ട്രേഷനുള്ള സിദ്ധ വൈദ്യൻമാർക്കും ചികിത്സിക്കുവാൻ സ്വാതന്ത്ര്യം നൽകുന്ന വിധത്തിൽ ഡ്രഗ്സ് നിയമത്തിന് രൂപം നൽകുവാനും 1950-ലെ ആക്ട് റദ്ദ് ചെയ്യാതെ നിലനിർത്തുവാനും അടിയന്തിരനടപടികൾ കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി&ഡി): 1950-ലെ തിരുവിതാംകൂർ-കൊച്ചിൻ ഡ്രഗ്സ് കൺട്രോൾ ആക്റ്റിൽ അംഗീകൃത വൈദ്യന്മാരുടെ ചികിത്സ നിയന്ത്രിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ഈ നിയമം റദ്ദ് ചെയ്യുന്നത് കാരണം പാരമ്പര്യ ചികിത്സ നടത്തുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകാൻ ഇടയില്ല.

## ഖാദിബോർഡിന്റെ പ്രവർത്തനം

614. ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദിബോർഡ് വിവിധ പദ്ധതികൾക്കായി എത്രരൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഖാദിബോർഡ് നൽകിയിട്ടുള്ള വിവിധ വായ്പാ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഖാദിബോർഡ് അനുവദിക്കുന്ന വിവിധ വായ്പകൾ ഏതൊക്കെയാണെന്നും അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതിപ്രകാരം അനുവദിക്കുന്ന വായ്പയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്.തോമസ്(ഗ്രാമവികസന വകുപ്പുമന്ത്രി):-**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദിഗ്രാമവ്യവസായബോർഡ് നേരിട്ടുള്ള വായ്പ അനുവദിച്ചിട്ടില്ല. എന്നാൽ മാർജിൻമണി പദ്ധതിപ്രകാരമുള്ള പ്രോജക്ട് നടപ്പാക്കുന്നതിനായി 14.79 കോടിരൂപയുടെ ബാങ്ക് വായ്പ്പയും 5.83 കോടിരൂപ മാർജിൻമണി ഗ്രാന്റും 423 യൂണിറ്റുകൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതുവഴി 4064 പേർക്ക് തൊഴിലവസരം ഉണ്ടാക്കാൻ കഴിഞ്ഞു.

(ബി) കുടിശ്ശിക വരുത്തുന്നവർക്ക് നോട്ടീസ് നൽകുകയും നോട്ടീസ് ലഭിച്ചിട്ടും കുടിശ്ശിക അടക്കാത്തവർക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. 2.10.01 മുതൽ 31.12.01 വരെ പ്രത്യേക കളക്ഷൻ പിരിയഡിലായി പ്രഖ്യാപിച്ച പിഴപലിശ ഇളവ് ചെയ്തുകൊടുത്തിട്ടുണ്ട്.

(സി&ഡി): ഖാദിബോർഡ് ഇപ്പോൾ നേരിട്ട് വായ്പയൊന്നും അനുവദിക്കുന്നില്ല. ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നതിന് ഖാദി ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ ഖാദി കമ്മിഷന്റെ മാർജിൻമണി പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് 25 ലക്ഷം രൂപവരെ അടങ്കൽതുക വരുന്ന പ്രോജക്ടുകൾ സമർപ്പിക്കാവുന്നതാണ്. 10% ഗുണഭോക്താവിന്റെ സ്വന്തം മുതൽമുടക്കായിരിക്കണം. 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് 25%വും അതിനുമുകളിൽ വരുന്ന തുകയ്ക്ക് 10%-ഉം മാർജിൻമണി ഗ്രാന്റും ബോർഡ് നൽകുന്നതാണ്. വനിതകൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ,

മതന്യൂനപക്ഷങ്ങൾ, പിന്നോക്കവിഭാഗക്കാർ, വിമുക്തഭടന്മാർ തുടങ്ങിയവർക്ക് 25%-നു പകരം 30% മാർജിൻമണി ഗ്രാന്റ് ലഭിക്കും. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, റീജിയണൽ റൂറൽബാങ്കുകൾ, സഹകരണബാങ്കുകൾ എന്നിവയിൽ നിന്നും വായ്പയെടുക്കാവുന്നതാണ്.

## ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ

615. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിലാണ് ഈ പ്രശ്നമുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ജി) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ളിയറൻസ് ലഭിച്ച ഹൗസ്ബോട്ടുകൾ മാത്രമേ ടൂറിസം മേഖലയിൽ സർവ്വീസ് നടത്താവൂ എന്നുള്ള നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എച്ച്) ടൂറിസംമേഖലയിലെ ഹൗസ്ബോട്ടുകളിൽനിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി.ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഹൗസ്ബോട്ടുകൾ കൂടുതലുള്ള കൊല്ലം, ആലപ്പുഴ തുടങ്ങിയ കായലോരമേഖലകളിലാണ് ഇത്തരം പ്രശ്നം കൂടുതലായി കാണുന്നത്.

(സി) ഉണ്ട്.

(ഡി) കേന്ദ്രഗവൺമെന്റ് സ്ഥാപനമായ സി.എസ്.ഐ.ആർ മുഖേന ഹൗസ്ബോട്ടുകളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുവാനുള്ള ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ടൂറിസം വകുപ്പു നടത്തിവരുന്നു. കൂടാതെ ഇതു സംബന്ധിച്ച ഒരു പഠനം നടത്തുകയും സി.എസ്.ഐ.ആർ. രൂപം നൽകിയിട്ടുള്ള മറൈൻ സാനിട്ടേഷൻ ഡിവൈസ് പരീക്ഷണാടിസ്ഥാനത്തിൽ നിരീക്ഷിച്ചുവരുന്നു. ഈ സംവിധാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കായലോര മേഖലയിലെ എല്ലാം ഹൗസ് ബോട്ടുകളിലും ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഈ വിഷയത്തെക്കുറിച്ച് വിശദമായ ഒരു പഠനം ബോർഡ് നടത്തിവരുന്നു. കൂടാതെ ഹൗസ്ബോട്ട് ഉടമകളുമായി ഈ പ്രശ്നം ചർച്ച ചെയ്യുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ആക്ഷൻ പ്ളാൻ തയ്യാറാക്കി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ മലിനീകരണ നിയന്ത്രണബോർഡ് ഉദ്ദേശിക്കുന്നു.

(ജി) ഹൗസ്ബോട്ടുകൾക്ക് മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിപത്രം നിർബന്ധമാക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്.

(എച്ച്) സ്വീകരിക്കുന്നതാണ്.

****************************